# കില
## വാർത്താപത്രിക

VOLUME-11
ISSUE-5
MAY 2018

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in





പഞ്ചായത്തിരാജിന്റെ കാൽ നൂറ്റാണ്ട് എന്ന വിഷയത്തെക്കുറിച്ച് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ കില സംഘടിപ്പിച്ച ദ്വിദിന ദേശീയ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി **ഡോ.കെ.ടി.ജലീൽ** സംസാരിക്കുന്നു

## പഞ്ചായത്തിരാജിന് കാൽനൂറ്റാണ്ട്:
## തലസ്ഥാനത്ത് കില ദേശീയ സമ്മേളനം സംഘടിപ്പിച്ചു

പഞ്ചായത്ത് രാജ് ബിൽ നിയമമായിട്ട് കാൽ നൂറ്റാണ്ട് പിന്നിട്ട സാഹചര്യത്തിൽ കഴിഞ്ഞ 25 വർഷത്തെ നേട്ടങ്ങളും പോരായ്മകളും വിശകലനം ചെയ്യുന്നതിനു കില തലസ്ഥാന നഗരിയിൽ ദേശീയസമ്മേളനം സംഘടിപ്പിച്ചു. തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ ചേർന്ന ദ്വിദിന സമ്മേളനത്തിൽ തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ഡോ.കെ.ടി.ജലീൽ അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്തിനെ ഒന്നായി കണ്ടുകൊണ്ടുള്ള വികസനസമീപനമാണ് വേണ്ടതെന്നു അദ്ധ്യക്ഷപ്രസംഗത്തിൽ അദ്ദേഹം നിർദ്ദേശിച്ചു. പഞ്ചായത്തിന്റെ വികസന ഫലങ്ങൾ താഴെതട്ടിൽ എത്തിക്കാനാണ് മുൻഗണന നൽകേണ്ടത്. തദ്ദേശസ്ഥാപനങ്ങൾക്കു ഫണ്ടു നൽകുന്നതിൽ പണ്ടു നിലനിന്നിരുന്ന അസമത്വം അവസാനിപ്പിച്ച തന്റെ മുൻഗാമി പാലൊളി മുഹമ്മദുകുട്ടിയെ മന്ത്രി പ്രശംസിച്ചു. നാടിന്റെ ആവശ്യങ്ങൾ അറിഞ്ഞുള്ള ആസൂത്രണത്തിനും പദ്ധതിനിർവഹണത്തിനും പഞ്ചായത്തുകൾക്കു കഴിയണം. പഞ്ചായത്തിരാജ് സംവിധാനത്തിന്റെ 25 വർഷത്തെ പ്രവർത്തനം വിലയിരുത്തി മുന്നോട്ടുള്ള പ്രയാണത്തിൽ തിരുത്തലുകൾ ആവശ്യമുണ്ടോയെന്നു ചർച്ച ചെയ്യേണ്ട സമയമായെന്നും മന്ത്രി അഭിപ്രായപ്പെട്ടു. ധനകാര്യവകുപ്പുമന്ത്രി ഡോ.തോമസ് ഐസക് മുഖ്യപ്രഭാഷണം നടത്തി.

കേന്ദ്ര ഗ്രാമവികസനവകുപ്പു മുൻമന്ത്രി ജയറാം രമേഷ് മുൻ മന്ത്രി എം.എ.ബേബി, കേന്ദ്ര ഗ്രാമവികസനവകുപ്പു മുൻസെക്രട്ടറി ഡോ.മീനാക്ഷി സുന്ദരം, മുൻ ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ്, കേന്ദ്ര പഞ്ചായത്ത് രാജ് വകുപ്പു മുൻമന്ത്രി മണി ശങ്കർ അയ്യർ, മുൻമന്ത്രി കുട്ടി അഹമ്മദുകുട്ടി, പ്ലാനിംഗ് ബോർഡ് വൈസ്ചെയർമാൻ ഡോ.വി.കെ. രാമചന്ദ്രൻ, കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, സി.പി. ജോൺ എന്നിവർ സംസാരിച്ചു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ജനപ്രതിനിധികൾ, വിദഗ്ദ്ധർ, ഉദ്യോഗസ്ഥർ എന്നിവരടക്കം 300 പേർ സമ്മേളനത്തിൽ പങ്കെടുത്തു. ദേശീയ സമ്മേളനത്തിൽ രാജ്യത്തെ അധികാരവികേന്ദ്രീകരണത്തിനു പുതിയ ദിശാബോധം ലക്ഷ്യമാക്കി തയ്യാറാക്കിയ - തിരുവനന്തപുരം രജതജുബിലി പ്രഖ്യാപനവും നടത്തി.





കില സന്ദർശിക്കാനെത്തിയ തൃശ്ശൂർ സേക്രഡ് ഹാർട്ട് കോൺവെന്റ് എൽ.പി. സ്കൂളിലെ വിദ്യാർത്ഥികളോട് ഡോ.പീററർ എം.രാജ് സംസാരിക്കുന്നു

## എൽ.പി.സ്കൂൾ വിദ്യാർത്ഥികൾ കിലയിൽ

**കില**യെക്കുറിച്ചും പ്രാദേശിക ഭരണസംവിധാനത്തെക്കുറിച്ചും മനസ്സിലാക്കുന്നതിനു തൃശ്ശൂർ സേക്രഡ് ഹാർട്ട് കോൺവെന്റ് എൽ.പി. സ്കുളിലെ വിദ്യാർത്ഥികൾ കില സന്ദർശിച്ചു. ഹെഡ്മിസ്ട്രസ് സിസ്റ്റർ ഗീതി മറിയം, പി.ടി.എ പ്രസിഡന്റ് ജോമോൻ പല്ലൻ, വൈസ് പ്രസിഡന്റ് സന്തോഷ് തറയിൽ, മദർ പി.ടി.എ പ്രസിഡന്റ് അനീറ്റ പോളി എന്നിവർ കുട്ടികളോടൊപ്പമുണ്ടായിരുന്നു. കിലയെക്കുറിച്ചും കിലയുടെ പരിശീലനപരിപാടികളെക്കുറിച്ചും കില അസോസിയേറ്റ് പ്രൊഫ. ഡോ.പീറ്റർ എം. രാജ് വിശദീകരിച്ചു. കുട്ടികളുടെ നേതൃശേഷി വികസനത്തെസംബന്ധിച്ച് ടോംസ് ആന്റണി സംസാരിച്ചു. കില അസി.ഡയറക്ടർ മാത്യു ആൻഡ്രുസ്, ട്രെയിനിംഗ് അസോസിയേറ്റ് റിസ്മിയ എന്നിവർ സംബന്ധിച്ചു.



ജനകീയാസുത്രണത്തിന്റെ വിജയകരമായ നടത്തിപ്പിനും ഏകോപനത്തിനും ഗ്രാമപഞ്ചായത്തുകൾ തെരഞ്ഞെടുത്ത സന്നദ്ധപ്രവർത്തകർക്കു കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി ആസുത്രണബോർഡ് അംഗം ഡോ.കെ.എൻ.ഹരിലാൽ ഉദ്ഘാടനം ചെയ്യുന്നു

## ജനാധിപത്യമെന്നാൽ തെരഞ്ഞെടുപ്പു മാത്രമല്ല: ഡോ.കെ.എൻ.ഹരിലാൽ

ജനാധിപത്യമെന്നാൽ തെരഞ്ഞെടുപ്പു മാത്രമാണെന്ന രീതിക്കു മാറ്റം വരണമെന്നു സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ചെയർമാനും സംസ്ഥാന ആസൂത്രണബോർഡ് അംഗവുമായ ഡോ.കെ.എൻ.ഹരിലാൽ അഭിപ്രായപ്പെട്ടു. നവകേരളത്തിനു ജനകീയാസൂത്രണത്തിന്റെ വിജയകരമായ നടത്തിപ്പിനും ഏകോപനത്തിനും ഗ്രാമപഞ്ചായത്തുകൾ തെരഞ്ഞെടുത്ത സന്നദ്ധപ്രവർത്തകരുടെ രണ്ടു ദിവസത്തെ സംസ്ഥാനതല പരിശീലനപരിപാടി കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭരണത്തിൽ ജനങ്ങൾക്കു കാര്യമായ പങ്കാളിത്തമില്ലാത്തതുകൊണ്ട് ഒരുപാട് പ്രശ്നങ്ങളുണ്ട്. ഇതിനു പരിഹാരമായിട്ടാണ് പഞ്ചായത്തിരാജ് സംവിധാനവും കേരളത്തിൽ ജനകീയാസുത്രണവും നിലവിൽ വന്നത്. പ്രായോഗികമായ ജനപങ്കാളിത്തം ഉറപ്പുവരുത്താൻ ജനകീയ വേദികളുണ്ടാകണം. ജനഹിതം മാനിക്കാൻ ഉദ്യോഗസ്ഥരും തയ്യാറാകണം. ജനകീയാസുത്രണം വന്നതോടെ ആസുത്രണം സമയബന്ധിതമായി നടപ്പാക്കാൻ പതിമുന്നാം പദ്ധതിക്കു കഴിഞ്ഞു. ജനാധിപത്യം കൂടുതൽ ജനാധിപത്യവൽക്കരിക്കാൻ പ്രായോഗിക തലത്തിൽ ജനങ്ങളിൽ അധികാരമെത്തണമെന്നും അദ്ദേഹം പറഞ്ഞു.

കില ഡയറക്ടർ ഡോ.ജോയ് ഇളമൺ അദ്ധ്യക്ഷത വഹിച്ചു. കില അസോ.പ്രൊഫ.ഡോ.ജെ.ബി.രാജൻ സ്വാഗതം പറഞ്ഞു. എസ്.ആർ.ജി.അംഗം കെ.അർജുനൻ കാര്യപരിപാടി വിശദീകരിച്ചു. എസ്.ആർ.ജി.കൺവീനർ വി.എസ്.ബിജു, ചെമ്പിലോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലക്ഷ്മി എന്നിവർ സംസാരിച്ചു. എസ്.ആർ.ജി അംഗങ്ങളായ സനൽകുമാർ, എസ്.ജമാൽ, ടി.സുരേഷ് ബാബു, ജി.കെ.സദനരാജൻ എന്നിവർ സംബന്ധിച്ചു.പപ്പൻ കുട്ടമ്മത്ത്, മദൻ മോഹൻ, എം.കെ. വാസു, കെ.കെ.രവി തുടങ്ങിയവരാണ് പരിശീലനത്തിനു നേതൃത്വം നൽകിയത്.




പഞ്ചായത്തിരാജ് നടപ്പായതിന്റെ 25-ാം വാർഷികത്തോടനുബന്ധിച്ച് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ കില സംഘടിപ്പിച്ച ദ്വിദിന ദേശീയ സമ്മേളനത്തിൽ ധനകാര്യവകുപ്പുമന്ത്രി ഡോ.തോമസ് ഐസക് മുഖ്യപ്രഭാഷണം നടത്തുന്നു

## അധികാരവികേന്ദ്രീകരണം സംരക്ഷിക്കാൻ ശക്തമായ പോരാട്ടം വേണം: മന്ത്രി ഡോ.തോമസ് ഐസക്

അധികാരവികേന്ദ്രീകരണം നിലനിർത്താനനും ശക്തിപ്പെടുത്താനും ദേശീയാടിസ്ഥാനത്തിൽ തന്നെ പോരാട്ടം ശക്തമാക്കണമെന്നു ധനകാര്യവകുപ്പുമന്ത്രി ഡോ.തോമസ് ഐസക് അഭിപ്രായപ്പെട്ടു. പഞ്ചായത്തിരാജ് നടപ്പായതിന്റെ 25-ാം വാർഷികത്തോടനുബന്ധിച്ച് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ കില സംഘടിപ്പിച്ച ദ്വിദിന ദേശീയ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു മന്ത്രി. രാജ്യത്തെ പഞ്ചായത്തിരാജ് സംവിധാനത്തെ ആസൂത്രിതമായി തകർക്കുന്ന നയങ്ങളാണ് കേന്ദ്രം നടപ്പാക്കുന്നതെന്നു മന്ത്രി പറഞ്ഞു. ഇതിനെതിരെ ശക്തമായി പ്രതിഷേധം ഉയർത്താനുള്ള കൂട്ടായ്മ ഉയരണം. ഡൽഹിയിലടക്കം ത്രിതല പഞ്ചായത്ത് പ്രതിനിധികളെ പങ്കെടുപ്പിച്ച് ശക്തമായ പ്രതിഷേധം ഉയരണം. ഭരണഘടനാസ്ഥാപനങ്ങളേ‌ന്ന പാർലമെന്റിനെപ്പോലും അംഗീകരിക്കാൻ തയ്യാറാകാത്ത ഒരു ഭരണവ്യവസ്ഥയാണ് രാജ്യത്തുള്ളതെന്നു മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി എം.എ.ബേബി പറഞ്ഞു.

കേന്ദ്ര സർക്കാരിന്റെ ഒരു അധികാരവും ഫണ്ടും താഴെക്കു നൽകാൻ തയ്യാറാകുന്നില്ല. എന്നാൽ സംസ്ഥാനങ്ങൾ തങ്ങളുടെ അധികാരവും വിഭവങ്ങളും തദ്ദേശസ്ഥാപനങ്ങൾക്കു വിട്ടുനൽകണമെന്ന വിരോധാഭാസകരമായ സമീപനമാണ് ഭരണഘടനാഭേദഗതിയിലൂടെ ഉണ്ടായത്. ഇതിൽ മാറ്റം വരണമെന്നും ബേബി ആവശ്യപ്പെട്ടു.

രാഷ്ട്രീയമായ അധികാരം താഴെക്കു നൽകുന്നതിൽ വിജയിച്ചുവെങ്കിലും സാമ്പത്തികാധികാരം ഇപ്പോഴും വിട്ടുനൽകാൻ തയ്യാറാകാത്തതാണ് അധികാരവികേന്ദ്രീകരണത്തിന്റെ പോരായ്മയായി ഇപ്പോഴും നിലനിൽക്കുന്നതെന്നു മുൻ കേന്ദ്രമന്ത്രി ജയറാം രമേശ് പറഞ്ഞു. അധികാരവികേന്ദ്രീകരണത്തിനൊപ്പമുള്ള ഉദ്യോഗസ്ഥ പുനർവിന്യാസത്തിലും കാര്യമായ മാറ്റം രാജ്യത്തുണ്ടാകുന്നില്ല. ത്രതില സംവിധാനത്തിലെ മൂന്നാംതട്ടായാണ് ഗ്രാമപഞ്ചായത്തുകളെ കാണുന്നത്. ഇതുമാറി ഒന്നാംതട്ടായി പരിഗണിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അതേസമയം ഹരിയാന അടക്കമുള്ള സംസ്ഥാനങ്ങളിൽ അധികാരവികേന്ദ്രീകരണം എന്ന മാർഗ്ഗത്തെ അട്ടിമറിക്കുന്ന നിലപാടാണ് അരങ്ങേറുന്നതെന്നു മുൻ കേന്ദ്രമന്ത്രി മണിശങ്കർ അയ്യർ പറഞ്ഞു.

കഴിഞ്ഞ സാമ്പത്തികവർഷത്തിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച തദ്ദേശസ്ഥാപനങ്ങൾക്കുള്ള ഉപഹാരങ്ങൾ മറ്റൊരു ചടങ്ങിൽ മന്ത്രി ഡോ.കെ.ടി.ജലീൽ വിതരണം ചെയ്തു. തിരുവനന്തപുരം മേയർ വി.കെ.പ്രശാന്ത്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്സ് ചേംബർ ചെയർമാൻ വി.കെ.മധു, ആസൂത്രണബോർഡ് അംഗം ഡോ.കെ.എൻ.ഹരിലാൽ, കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ആർ.സുഭാഷ്, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.ആർ.അജയകുമാർ വർമ്മ, തുടങ്ങിയവർ പങ്കെടുത്തു.

## അനുമതിയില്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവൽക്കരിക്കാം

തണ്ണീർത്തട നിയമപ്രകാരം അനുമതിയില്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ 12.8.2008 നുമുമ്പു നികത്തിയ സ്ഥലത്താണെന്നു തദ്ദേശസ്ഥാപനങ്ങളിലെ സെക്രട്ടറി, കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവരടങ്ങുന്ന ടീം ഉറപ്പുവരുത്തുകയും ബി.ടി.ആറിൽ നിലമെന്നു രേഖപ്പെടുത്തിയതും ഡാറ്റാബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമിയിൽ ആണെങ്കിൽ നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കു വിധേയമായി തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിമാർക്കു ക്രമവൽക്കരിച്ചു നൽകാവുന്നതാണെന്നു സർക്കാർ നിർദ്ദേശം നൽകി. 19.01.2018 ലെ സർക്കുലർ പ്രകാരമാണ് ഇപ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത്.

## നാടിന്റെ വികസനത്തിനു ജനപ്രതിനിധികളുമായി ചർച്ച നടത്തണം: പി.കെ.ബിജു എം.പി

നാടിന്റെ വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഉദ്യോഗസ്ഥർ ജനപ്രതിനിധികളുമായി ആശയവിനിമയം നടത്തുന്നതു നന്നായിരിക്കുമെന്നു ഡോ.പി.കെ.ബിജു എം.പി. അഭിപ്രായപ്പെട്ടു. കിലയിൽ ചേർന്ന ജില്ലാവികസന എകോപനനിരീക്ഷണസമിതി(ദിശ)യോഗത്തിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. അവലോകനയോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുക്കാതിരിക്കുന്നതു ഗുരുതരമായ വീഴ്ചയായി കാണുമെന്നും അദ്ദേഹം പറഞ്ഞു. ജില്ലാകലക്ടർ ഡോ.എ കൗശികൻ, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പുപദ്ധതി ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ എൻ. വിനോദിനി, പ്രോജക്ട് ഡയറക്ടർ എം.കെ.ഉഷ, ജില്ലാ പ്ലാനിംഗ് ഓഫിസർ ഇൻ ചാർജ് ടി.ആർ.മായ എന്നിവർ സംബന്ധിച്ചു. ജില്ലയിലെ വിവിധ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിലേയും നഗരസഭകളിലേയും പ്രസിഡന്റുമാർ, സെക്രട്ടറിമാർ, വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ, തുടങ്ങിയവരാണ് യോഗത്തിൽ പങ്കെടുത്തത്.



കിലയുടെ പരിശീലനപരിപാടികൾ പഠിക്കാനെത്തിയ മംഗോളിയയിലെ ഉലാൻബത്തുർ മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥസംഘം കില ഡയറക്ടർ ഡോ.ജോയ് ഇളമണുമായി ആശയവിനിമയം നടത്തുന്നു

## കിലയുടെ പരിശീലനപരിപാടികൾ പഠിക്കാൻ മംഗോളിയൻ സംഘമെത്തി

**കില**യുടെ പരിശീലനപരിപാടികൾ പഠിക്കാൻ മംഗോളിയൻ സംഘമെത്തി. മംഗോളിയയിലെ ഉലാൻബത്തുർ മുനിസിപ്പാലിറ്റിയിലെ ഏഴു വനിതകളുൾപ്പെടെയുള്ള പതിനൊന്നംഗസംഘം ഇതിനായി ഒരാഴ്ചക്കാലം കിലയിൽ ചെലവഴിച്ചു. കിലയിലെത്തിയ സംഘത്തെ കില ഡയറക്ടർ ഡോ. ജോയ് ഇളമൺ, ഫാക്കൽറ്റികൾ, ഫിനാൻസ് ഓഫിസർ, സെക്ഷൻ ഓഫീസർ എന്നിവർ ചേർന്നു സ്വീകരിച്ചു.

ഏഷ്യൻ ഫൗണ്ടേഷനിലെ നഗരഭരണ പ്രോജക്ട് ഡെപ്യൂട്ടി മാനേജർ, നഗരഭരണ പ്രോജക്ട് ഓഫീസർ, നഗരഭരണ പ്രോജക്ട് മാനേജർ, അധികാരവികേന്ദ്രീകരണ പരിപാടിയുടെ പ്രോജക്ട് ഓഫീസർ, ഉലാൻബത്തുർ മുനിസിപ്പാലിറ്റി പൊതുഭരണവകുപ്പുമേധാവി, ധനകാര്യവകുപ്പു തലവൻ, മനുഷ്യ വിഭവശേഷി ഓഫീസർ, നഗരവിദ്യാഭ്യാസ ഏജൻസി ഭരണമേധാവി, നയരൂപീകരണ ഓഫീസർ തുടങ്ങിയവരാണ് സംഘത്തിലുണ്ടയിരുന്നത്.

പരിശീലനലക്ഷ്യങ്ങൾ നിർണയിക്കുന്ന രീതി, പരിശീലന വിഷയങ്ങൾ നിശ്ചയിക്കുന്ന രീതി, പരിശീലന വിഷയങ്ങൾ സംവിധാനം ചെയ്യുന്ന വിധം, പരിശീലനത്തിനാവശ്യമായ കൈപ്പുസ്തകങ്ങൾ തയ്യാറാക്കൽ, പരിശീലനസ്ഥാപനത്തിലെ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ കണ്ടു മനസ്സിലാക്കി അതു മംഗോളിയയിൽ നടപ്പിലാക്കാൻ, കാര്യശേഷി വികസന പരിശീലനപരിപാടി തയ്യാറാക്കുകയുമാണ് ഇവരുടെ ലക്ഷ്യം. ലോഗിൻ ഏഷ്യയാണ് ഇവർക്കിതിനു സൗകര്യമൊരുക്കുന്നത്. ലോഗിൻ ഏഷ്യ സെക്രട്ടേറിയറ്റ് അംഗങ്ങളായ യാക്കുബ്, സുരേഷ് എന്നിവർ സംഘത്തോടൊപ്പമുണ്ടായിരുന്നു.



പ്രായോഗിക പരിശീലനത്തിനെത്തിയവർക്കു ആർദ്രമിഷൻ കൺസൽട്ടന്റ് ഡോ.ജമീലയും ഡോ.വിജയകുമാറും മറ്റും നിർദ്ദേശങ്ങൾ നൽകുന്നു

## ആരോഗ്യപ്രവർത്തകർക്കു കിലയിൽ പ്രായോഗിക പരിശീലനം

**പ്രാഥമിക** ആരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാകുന്നതുമായി ബന്ധപ്പെട്ട് കുടുംബാരോഗ്യകേന്ദ്രങ്ങളിലെ ആരോഗ്യപ്രവർത്തകർക്കു കിലയിൽ മൂന്നുദിവസത്തെ പരിശീലനം സംഘടിപ്പിച്ചു. തൃശ്ശൂർ മെഡിക്കൽ ഓഫീസർ ഡാ.സുഹിത ഉദ്ഘാടനം ചെയ്തു ഹെൽത്ത് ഇൻസ്പെക്ടർമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, പബ്ലിക്ക് നേഴ്സുമാർ, ജൂനിയർ പബ്ലിക്ക് നേഴ്സുമാർ എന്നിവരാണ് പരിശീലനത്തിൽ പങ്കെടുത്തത്. കൊതുകിന്റെ ഉറവിടം കണ്ടെത്തി അതു നശിപ്പിക്കുന്നതിനുള്ള പ്രായോഗിക പരിശീലനവും നൽകുകയുണ്ടായി. അമ്പതു ഗ്രൂപ്പുകളായി തിരിഞ്ഞ് കില കാമ്പസിലാണ് പ്രായോഗിക പരിശീലനം നൽകിയത്. ആർദ്രം മിഷൻ സംസ്ഥാന കൺസൽട്ടന്റ് ഡോ.ജമീല, ഡോ.വിജയകുമാർ, കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, സി.പി.സുരേഷ് ബാബു എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി. പ്രവർത്തനം തുടങ്ങിയതും തുടങ്ങാനിരിക്കുന്നതുമായ 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽനിന്നുള്ളവരാണ് പരിശീലനത്തിൽ പങ്കെടുത്തത്.



ഭൂട്ടാനിൽനിന്നുള്ള പ്ലാനിംഗ് ഓഫീസർമാർക്കു കിലയിൽ സംഘടിപ്പിച്ച പഞ്ചദിന ശില്പശാല

## ഭൂട്ടാനിലെ പ്ലാനിംഗ് ഓഫിസർമാർക്കു പഞ്ചദിന ശില്പശാല

**പെർഫോർമൻസ്** മാനേജ്മെന്റ് വിഷയത്തിൽ ഭൂട്ടാനിൽനിന്നുള്ള പ്ലാനിംഗ് ഓഫീസർമാർക്കു കിലയിൽ പഞ്ചദിന ശില്പശാല സംഘടിപ്പിച്ചു. ഭൂട്ടാൻ പ്രധാനമന്ത്രിയുടെ ഓഫീസിലെ ഡെപ്യൂട്ടി ചീഫ് പ്രോഗ്രാം ഓഫീസർ സോനം ടോബ്ഗേ, കാബിനറ്റ് സെക്രട്ടേറിയറ്റിലെ ദോർജി വാംഗ് വോ ഉൾപ്പെടെ പതിനേഴ് പേരാണ് സംഘത്തിലുണ്ടായിരുന്നത്. കില അസോസിയേറ്റ് പ്രൊഫ. ഡോ.ജെ.ബി.രാജൻ സ്വാഗതമാശംസിച്ചു. കില പ്രൊഫ. ഡോ.സണ്ണി ജോർജ് ആമുഖപ്രഭാഷണം നടത്തി. കോർഡിനേറ്റർ പ്രൊഫ. ടി.രാഘവൻ സംസാരിച്ചു.

ഇന്ത്യയിലെ പ്രാദേശിക ഭരണസംവിധാനത്തെക്കറിച്ച് ഡോ. സണ്ണി ജോർജും കേരളത്തിലെ പ്രാദേശിക സർക്കാരുകളെക്കുറിച്ച് പ്രൊഫ.ടി.രാഘവനും പങ്കാളിത്ത ആസൂത്രണത്തെ സംബന്ധിച്ച് ഡോ.ജെ.ബി.രാജനും ധനവികേന്ദ്രീകരണത്തെപ്പറ്റി ഡോ.പി.ഷഹീനയും വനിത സ്വയം സഹായ ഗ്രൂപ്പുകളെക്കുറിച്ച് ഡോ.കെ.പി.എൻ.അമൃതയും ക്ലാസ്സെടുത്തു. ജില്ലാ പഞ്ചായത്തും നാട്ടിക ഗ്രാമപഞ്ചായത്തും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫിസും ജില്ലാ പ്ലാനിംഗ് ഓഫിസും സംഘം സന്ദർശിച്ചു.



കുട്ടികളുടെ അവകാശസംരക്ഷണത്തിനായി രുപീകരിച്ചിട്ടുള്ള
തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് യോഗം കിലയിൽ ചേർന്നപ്പോൾ

## കുട്ടികളുടെ അവകാശസംരക്ഷണം: ജില്ലാപഞ്ചായത്തിന്റെ പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് യോഗം

**കുട്ടികളുടെ** അവകാശസംരക്ഷണത്തിനായി രൂപീകരിച്ചിട്ടുള്ള തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് യോഗം കിലയിൽ ചേർന്നു വിവിധ പദ്ധതികളുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്തു. കുട്ടികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അവ പരിഹരിക്കുന്നതിനുമായി സംസ്ഥാനത്ത് ആദ്യമായി തൃശ്ശൂർ ജില്ലാ പഞ്ചായത്തിലാണ് വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചത്. ജില്ലാപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ പത്മിനി ടീച്ചറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം ചെയ്തു. കില ചൈൽഡ് റിസോഴ്സ് സെന്റർ പ്രോജക്ട് കോർഡിനേറ്റർ കെ.ജി. സജീവ് സ്വാഗതം പറഞ്ഞു. മുൻ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഷീല വിജയകുമാർ, ജില്ലാപ്ലാനിംഗ് ഓഫീസർ ടി.ആർ.മായ, സാമുഹ്യനീതി ജില്ലാ ഓഫീസർ സുലക്ഷണ, റീജിണൽ ചൈൽഡ് ഹെൽത്ത് ഓഫീസർ ഡോ.ഉണ്ണികൃഷ്ണൻ, ആർദ്രം മിഷൻ കൺസൽട്ടന്റ് ഡോ.ജഗ്ജീവൻ, കില അസോ.പ്രൊഫ. ഡോ. പീറ്റർ എം.രാജ് എന്നിവർ സംസാരിച്ചു. ജില്ലാതല വകുപ്പുദ്യോഗസ്ഥരും യോഗത്തിൽ സംബന്ധിച്ചു.

ഭിന്നശേഷി ക്ഷേമത്തിനായുള്ള ശുഭാപ്തി, വിദ്യാർത്ഥികളിൽ ശാസ്ത്ര ചിന്താഗതി വളർത്താനുള്ള വിജ്ഞാൻ സാഗർ, സ്കൂളുകളിലേക്കുള്ള ഷീപാഡ്, സമഗ്ര അങ്കണവാടി നിർമ്മാണം തുടങ്ങിയ പദ്ധതികളുടെ പ്രവർത്തനം ഫലപ്രദമാക്കാനുള്ള നടപടികളെക്കുറിച്ചും യോഗം ചർച്ച ചെയ്തു.

## ചോദ്യങ്ങൾക്കു മറുപടി

? മാലിന്യസംസ്കരണ പദ്ധതികൾ രൂപീകരിക്കുമ്പോൾ സംസ്കരണമെഷിനറികൾ എവിടെനിന്നാണ് വാങ്ങേണ്ടത്?

● മാലിന്യസംസ്കരണപദ്ധതി രൂപീകരിക്കുമ്പോൾ അതിനുള്ള യന്ത്രസാമഗ്രികളോ ഉപാധികളോ ടെണ്ടർ നടപടികളിലൂടെ വാങ്ങാവുന്നതാണ്. ശുചിത്വമിഷന്റെ അംഗീകാരമുള്ളതും മാലിന്യസംസ്കരണരംഗത്ത് പ്രവൃത്തി പരിചയമുള്ളവരുമായിരിക്കണം ഏജൻസികൾ എന്ന വ്യവസ്ഥ പരസ്യത്തിൽ കാണിക്കണം. (സർക്കുലർ നമ്പർ ജെ.5-37 534/2016. പഞ്ചായത്ത് ഡയറക്ടർ തീയതി. 2912.07)

? വില്ലേജ് ഓഫിസർ നൽകുന്ന ജാതിസർട്ടിഫിക്കറ്റിന്റെ സാധുത കാലയളവ് എത്രയാണ്?

● വില്ലേജ് ഓഫിസർ നൽകുന്ന ജാതി സർട്ടിഫിക്കറ്റിനു മൂന്നുവർഷം സാധുതയുണ്ട്.(സ.ഉ.(കൈ)264/2017 ആർ. സി.4.8.2017)

? വായ്പ എടുക്കുന്നതിനോ ജാമ്യം നിൽക്കുന്നതിനോ ജീവനക്കാർക്കു നൽകുന്ന സാലറി സർട്ടിഫിക്കറ്റിനു പരിധി നിശ്ചയിച്ചിട്ടുണ്ടോ?

● വായ്പ എടുക്കുന്നതിനോ ജാമ്യം നിൽക്കുന്നതിനോ ജീവനക്കാർക്കു നൽകുന്ന അറ്റ വേതനത്തിന്റെ (നെറ്റ് ബാലൻസ്) അമ്പതു ശതമാനത്തിൽ അധികരിക്കാൻ പാടില്ല. (സർക്കുലർ നമ്പർ 86/2007/ഫിൻ തീയതി 11.12.2007)

? മരാമത്ത് പണികളിൽ പ്രവൃത്തികളുടെ ടെണ്ടറിൽ പങ്കെടുക്കുന്ന ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾക്കു നിരതദ്രവ്യവും സെക്യൂരിറ്റി ഡെപ്പോസിറ്റും ഒഴിവാക്കി കൊടുക്കുമോ?

● ഒഴിവാക്കി കൊടുക്കുന്നതാണ്. ലേബർ കോൺട്രാക്ററ് സൊസൈറ്റികളെ ടെണ്ടർ നടപടികളിൽ നിരതദ്രവ്യവും സെക്യൂരിറ്റി ഡെപ്പോസിറ്റും ഒഴിവാക്കാൻ സർക്കാർ ഉത്തരവുണ്ട്.(സ.ഉ.(സാധാ)542/2018 തസ്വഭവ. തീയതി.24.2.2018)

? താൽക്കാലികമായി പഞ്ചായത്തിൽ നിയമിച്ച ഓവർസിയർമാരുടെ നിയമന കാലാവധി ദീർഘിപ്പിച്ചു നൽകാമോ?

● താൽക്കാലികമായി നിയമിച്ച ഓവർസിയർമാരുടെ സേവന കാലാവധി 2018 മാർച്ച് 31 വരെ മാത്രം ദീർഘിപ്പിച്ചിട്ടുള്ളതാണ്.(സ.ഉ.(സാധാ)849/2018 തസ്വഭവ. തീയതി.28.3.2018)

? ജാഗ്രതോത്സവം സംഘടിപ്പിക്കുന്നതിനു പഞ്ചായത്തിൽ നിന്ന് തുക ചെലവഴിക്കാമോ?

● തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ വാർഡുതല സാനിറ്റേഷൻ കമ്മിറ്റിക്കു അനുവദിക്കുന്ന തുകയിൽനിന്ന് വാർഡ് ഒന്നിനു 1000/-രൂപ നിരക്കിൽ പകർച്ചവ്യാധികൾക്കെതിരെയുള്ള ശുചിത്വ ബോധവൽക്കരണത്തിന്റെ ഭാഗമായി ജാഗ്രതോത്സവം സംഘടിപ്പിക്കുന്നതിനു ചെലവഴിക്കാവുന്നതാണ്.(സ.ഉ.(സാധാ) 924/2018.തസ്വഭവ. തീയതി.31.3.18)

? പ്രോജക്ടുകൾ ആസൂത്രണസമിതിക്കു സമർപ്പിക്കുമ്പോൾ വിശദമായ എസ്ററിമേറ്റ് നിർബന്ധമാണോ?

● 2018-19 ലെ നിർമ്മാണ പ്രോജക്ടുകൾ ആസൂത്രണസമിതിക്കു സമർപ്പിക്കുമ്പോൾ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയാലും മതിയാകുന്നതാണ്. എന്നാൽ ഏപ്രിൽ മാസത്തിൽ തന്നെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ടിന്റെ ഭാഗമാക്കേണ്ടതാണ്. (സർക്കുലർ നമ്പർ.ഡി.എ.1/293/18.തസ്വഭവ.തീയതി. 42.3.18)

? വിദേശത്തുവച്ചു നടന്ന മരണം എങ്ങനെയാണ് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യേണ്ടത്?

● വിദേശത്തുവച്ചു നടന്ന മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല. മരണം നടന്ന രാജ്യത്തുള്ള എമ്പസിയിൽ രജിസ്റ്റർ ചെയ്ത സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചാൽ മതിയാകുന്നതാണ്.

? വ്യത്യസ്ത മതവിഭാഗങ്ങളിൽപെട്ടവർ വിവാഹിതരായാൽ വിവാഹം രജിസ്റ്റർ ചെയ്തു നൽകാമോ?

● വ്യത്യസ്ത മതവിഭാഗങ്ങളിൽപെട്ടവർ തമ്മിലുള്ള വിവാഹം രജിസ്റ്റർ ചെയ്യേണ്ടതു 1954 ലെ സ്പെഷൽ മാര്യേജ് ആക്ട് പ്രകാരമാണ്. അപ്രകാരം രജിസ്റ്റർ ചെയത വിവാഹങ്ങൾ കേരള വിവാഹ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ 2008 പ്രകാരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. എന്നാൽ പൊതു വിവാഹ ചട്ടങ്ങളിലെ ചട്ടം 9 പ്രകാരമുള്ള ആധികാരികരേഖകൾ ഹാജരാക്കുകയും ഭാരതത്തിലെ നിയമവ്യവസ്ഥകൾക്കനുസരിച്ചോ മതാചാരപ്രകാരമോ നടത്തിയതാണെങ്കിൽ പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടും രജിസ്റ്റർ ചെയ്യാവുന്നതാണ്. ( പഞ്ചായത്തു ഡയറക്ടറുടെ ബി.1.5000/2015 നമ്പർ സർക്കുലർ)

? പഞ്ചായത്തിലെ റോഡുകളുടെ പണിക്കു ടാർ വാങ്ങി നൽകാൻ കഴിയുമോ? അതിനു പരിധി നിശ്ചയിച്ചിട്ടുണ്ടോ?

● തദ്ദേശഭരണസ്ഥാപനങ്ങളിലെ റോഡുപണിക്കു ആവശ്യമായ പക്ഷം ടാർ വാങ്ങി നൽകാവുന്നതാണ്. അതിനു അടങ്കൽ പരിധിയില്ല.(സ.ഉ.(സാധാ)677/2018 തസ്വഭവ.തീയതി.13.3.2018)

? പശുക്കളെ വിതരണം ചെയ്യുന്ന പദ്ധതിയുണ്ട്. ഇതിൽ പശുവിനെ എവിടെനിന്നും എങ്ങനെ വാങ്ങണം?

● കറവയുള്ള പശുക്കൾ അല്ലെങ്കിൽ എരുമകളെയാണ് വിതരണം ചെയ്യേണ്ടത്. പർച്ചേയ്സ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം പശുക്കളെ/എരുമകളെ വാങ്ങേണ്ടത്. ഗുണഭോക്താക്കളിൽനിന്ന് അഞ്ചുപേരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കണം. ഈ സമതിയുടെ ചെയർമാൻ ജനപ്രതിനിധിയായിരിക്കണം. നിർവഹണ ഉദ്യോഗസ്ഥൻ കൺവീനറായിരിക്കും. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിച്ചിട്ടുണ്ടാകണം. അപ്രകാരം ഈ സമിതിയാണ് ടെണ്ടർ നടപടികൾ പാലിച്ചുകൊണ്ട് പശുവിനെ വാങ്ങേണ്ടത്. പശുവിനെ വിതരണം ചെയ്യുമ്പോൾ അവയെ മൂന്നു വർഷമെങ്കിലും പരിപാലിച്ചുകൊള്ളാമെന്നു ഒരു കരാർ വയ്ക്കണം. ഗ്രാമപഞ്ചായത്തും നഗരസഭകളുമാണ് ഈ പദ്ധതി ഏറ്റെടുക്കേണ്ടത്.

? കുഴൽകിണർ നിർമ്മിക്കുന്നതിനു പഞ്ചായത്തിന്റെ അനുമതി ആവശ്യമാണോ?

● കുഴൽ കിണർ മാത്രമല്ല പുതിയ കിണർ നിർമ്മിക്കുന്നതിനും പഞ്ചായത്തിന്റെ പെർമിറ്റ് ആവശ്യമാണ്. കിണർ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നവർ അപ്പന്റിക്സ് എ ഫോറത്തിൽ സൈറ്റ് പ്ലാൻ സഹിതം പഞ്ചായത്തിൽ അപേക്ഷ നൽകണം. കിണറിൽനിന്ന് 7.5 മീറ്റർ വ്യാസാർദ്ധത്തിലുള്ള സൈറ്റ് പ്ലാനാണ് നൽകേണ്ടത്. കിണറിനു സ്ഥലത്തിന്റെ അതിരിൽനിന്നു 1.50 മീറ്റർ അകലം ഉണ്ടായിരിക്കണം. കുഴൽകിണർ നിർമ്മിക്കുന്നതിനു ഭൂഗർഭജല വകുപ്പിന്റെ അനുമതി കൂടി വാങ്ങി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. (കേ.പ.രാ-കെട്ടിടനിർമ്മാണ ചട്ടം വ. 91 മുതൽ 93 എ വരെ കാണുക.)

## ചോദ്യങ്ങൾക്ക് മറുപടി

**പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ് ഡെസ്ക്. ഫോൺ നമ്പർ-0487 2455000**

## ഭിന്നശേഷിക്കാർക്കുള്ള ഉപകരണം പദ്ധതി

**ഭി**ന്നശേഷി വിഭാഗക്കാർക്കുള്ള ഉപകരണം വാങ്ങുന്ന പദ്ധതികൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ സി.ഡി.പി.ഓ, ജില്ലാസാമൂഹ്യനീതി ഓഫീസർ എന്നിവർ യഥാക്രമം ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്തുകളുടെ നിർവഹണ ഉദ്യോഗസ്ഥരാകേണ്ടതാണ്. നഗരസഭകളിൽ ഐ.സി.ഡി.എസ്സൂപ്രവൈസർ/സിഡി.പി.ഓ എന്നിവർ ഇത്തരം പദ്ധതി നടപ്പാക്കണം. മെഡിക്കൽ ഉപകരണങ്ങളുടെ ഉപയോഗക്ഷമത ഉറപ്പു വരുത്തേണ്ട ചുമതല മെഡിക്കൽ ഓഫിസർമാർക്കാണ്. അതു പ്രയോജനപ്പെടുത്താവുന്നതാണ്. 2.2.18 ലെ ഡി.എ.1/136/2018 തസ്വഭവ നമ്പറായി ജോയിന്റ് സെക്രട്ടറി പുറപ്പെടുവിച്ച സർക്കുലറിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.



ഉപജില്ലാ വിദ്യാഭ്യാസ ഓഫിസർമാർക്കുള്ള ദ്വിദിന പരിശീലനം കിലയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ.പി.കെ.ജയശ്രി ഐ.എ.എസ് ഉദ്ഘാടനം ചെയ്യുന്നു

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കു പരിശീലനം

**ന**വകേരളത്തിനു ജനകീയാസൂത്രണം പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിലെ നിർവഹണ ഉദ്യോഗസ്ഥർക്കു സംസ്ഥാനതലത്തിൽ പരിശീലനം നൽകുന്നു. പരിശീലനത്തിന്റെ മുന്നോടിയായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കുള്ള ദ്വിദിന പരിശീലനം കിലയിൽ സംഘടിപ്പിച്ചു. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. പി.കെ.ജയശ്രി ഐ.എ.എസ് ഉദ്ഘാടനം ചെയ്തു. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ സ്വാഗതമാശംസിച്ചു. കില അസോസിയേറ്റ് പ്രൊഫ.ഡോ.ജെ.ബി.രാജൻ പരിശീലന പരിപാടി വിശദീകരിച്ചു. പി.വി.പത്മനാഭൻ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടർ ദീപ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കൺസൽട്ടന്റ് രതീഷ് കാളിയാടൻ, കെ.കെ. രാഘവൻ, ശശിജോഷ്, ടി. സരേഷ് ബാബു, ഓഡിറ്റ് ഓഫീസർ സാബു സി.ജോർജ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. സംസ്ഥാന കൺസൽട്ടന്റ് ഡോ.സി.രാമകൃഷ്ണൻ, സംസ്ഥാന കോർഡിനേറ്റർ ജി.കെ.സദനരാജൻ എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി. സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസരംഗത്ത് നൂതനങ്ങളായ ആശയങ്ങൾ രൂപപ്പെടുത്തുക, കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ സംയോജന സാദ്ധ്യതകൾ ചർച്ച ചെയ്യുക, പദ്ധതി നിർവഹണവും മോണിറ്ററിംഗും കാര്യക്ഷമമാക്കുക തുടങ്ങിയവയാണ് പരിശീലന ലക്ഷ്യം. അടുത്ത ഘട്ടത്തിൽ മൂന്നു മേഖലകളിലായി സംസ്ഥാനത്തെ വിദ്യാഭ്യാസരംഗത്തെ മുഴുവൻ നിർവഹണ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകും.



പട്ടിത്തറ ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പുപദ്ധതിയിലൂടെ നടപ്പാക്കുന്ന റോഡ് പണിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീതൊഴിലാളികൾ

## തൊഴിലുറപ്പുപദ്ധതിയിൽ പട്ടിത്തറ ഗ്രാമപഞ്ചായത്തിന്റെ മാതൃക

**തൊഴിലുറപ്പുപദ്ധതിയിൽ** മികച്ച പ്രവർത്തനമാണ് കഴിഞ്ഞവർഷം പട്ടിത്തറ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയത്. ഒരു കോടി എൺപതുലക്ഷം രൂപ ചെലവഴിക്കാനും 57,271 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും പഞ്ചായത്തിനു കഴിഞ്ഞു. വ്യത്യസ്തവും മാതൃകാപരവുമായ നിരവധി പ്രവർത്തനങ്ങളാണ് ഏറ്റെടുത്തത്. ജലസംരക്ഷണത്തിനു ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകിയത്. അവശവിഭാഗത്തിനു കുടിവെള്ളത്തിനായി 400 കിണറുകൾ കുഴിച്ചു. പുതിയ കുളങ്ങൾ നിർമ്മിക്കാനും വൻതോടുകൾ നവീകരിക്കുന്നതിനും സാധിച്ചു. കുളങ്ങളുടെ പുനരുദ്ധാരണം, കിണർ റീചാർജിംഗ്, മഴക്കുഴി, താൽക്കാലിക തടയണകൾ എന്നിവയിലൂടെ ഭൂഗർഭ ജലനിരപ്പു ഉയർത്താൻ സാധിച്ചു.

കാർഷികരംഗത്ത് വലിയ പ്രവർത്തനങ്ങളാണ് തൊഴിലുറപ്പ് പദ്ധതിയിലൂടെ നടപ്പിലാക്കിയത്. 94 തൊഴിൽ സംഘങ്ങൾ രൂപീകരിച്ച് 70 ഏക്കറോളം സ്ഥലത്ത് ജൈവ രീതിയിൽ പച്ചക്കറി കൃഷി ചെയ്തു. വ്യത്യസ്തങ്ങളായ കിഴങ്ങുവർഗ്ഗങ്ങളും കൃഷിചെയ്യാനായി. ഓണനാളിൽ വിളവെടുക്കാൻ പാകത്തിൽ നിരവധി വാഴത്തോട്ടങ്ങളും ഒരുക്കിയിട്ടുണ്ട്. കാർഷികരംഗത്ത് പുത്തൻ സംസ്കാരം സൃഷ്ടിക്കാൻ തൊഴിൽസംഘങ്ങൾക്കു കഴിഞ്ഞു.തരിശുഭൂമി കൃഷിയോഗ്യമാക്കിയതിലൂടെ തുടർന്നും കൃഷിയിറക്കാൻ സാധിക്കും. കൂലിക്കു പുറമെ വിളവു പൂർണ്ണമായും തൊഴിലാളിസംഘങ്ങളാണ് പങ്കിട്ടെടുക്കുന്നത്. പശ്ചാത്തല മേഖലയിൽ നിരവധി റോഡുകളും തൊഴിലുറപ്പുപദ്ധതിയിലൂടെ കോൺക്രീറ്റ് ചെയ്തു. ജനങ്ങളുടെ സഹകരണത്തോടെ രൂപീകരിച്ച ജനകീയ കമ്മിറ്റികളുടെ സഹകരണത്തോടെയാണ് റോഡുകളുടെ കോൺക്രീറ്റ് പൂർത്തിയാക്കിയത്. പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ ജനകീയ ഇടപെടൽ ഉറപ്പാക്കാൻ ഇതിലൂടെ സാധിച്ചു. 90 ശതമാനവും സ്ത്രീ തൊഴിലാളികളാണ് ഇത്തരം പ്രവർത്തനങ്ങളിൽ മുന്നിൽനിന്നു പ്രവർത്തിച്ചത്. ഇതു സ്ത്രീശാക്തീകരണത്തിന്റെ മാതൃകയായി. മുഴുവൻ തുകയും തൊഴിലാളികൾക്കു നേരിട്ട് അവരുടെ ബാങ്ക് അക്കൗണ്ടുകളിലൂടെയാണ് നൽകിയത്.



കൽപ്പറ്റ മണ്ഡലത്തിന്റെ സമഗ്രവികസനത്തിനുള്ള പച്ചപ്പ് പദ്ധതിയുടെ
ആലോചനായോഗത്തിൽ സി.കെ.ശശീന്ദ്രൻ എം.എൽ.എ സംസാരിക്കുന്നു

## കൽപ്പറ്റയുടെ സമഗ്രവികസനത്തിനു പച്ചപ്പ് പദ്ധതി

**ക**ൽപ്പറ്റ മണ്ഡലത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുള്ള പച്ചപ്പ് പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട കൂടിയാലോചനയോഗം ചേർന്നു. സി.കെ.ശശീന്ദ്രൻ എം.എൽ.എ.യുടെ പ്രത്യേക പദ്ധതിയാണിത്. കിലയുടെ മേൽനോട്ടത്തിൽ തദ്ദേശസ്ഥാപനങ്ങളേയും വിവിധ വകുപ്പുകളേയും ഏകോപിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. ജില്ലാ ആസൂത്രണ ഭവനിൽ ചേർന്ന യോഗത്തിൽ വയനാട് ജില്ലാകലക്ടർ എസ്.സുഹാസ്, കില ഡയറക്ടർ ഡോ. ജോയ് ഇളമൺ, ജില്ലാ പ്ലാനിംഗ് ഓഫിസർ ഏലിയാമ നൈനാൻ, തദ്ദേശസ്ഥാപന പ്രതിനിധികൾ, കിലയിൽനിന്നുള്ള വിദഗ്ദ്ധർ, വിവിധ സംഘടനാ പ്രതിനിധികൾ, വകുപ്പുതല ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. പച്ചപ്പിലൂടെ കൽപ്പറ്റയെ കർഷക-ആദിവാസി സൗഹൃദ ഹരിത മണ്ഡലമാക്കി മാറ്റുകയാണ് ലക്ഷ്യമെന്നു യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച സി.കെ. ശശീന്ദ്രൻ എം.എൽ.എ പറഞ്ഞു. തോടുകൾ, നദികൾ, കേണികൾ, കിണറുകൾ എന്നിവ പുനരുദ്ധരിക്കും. പ്ലാസ്ററിക്കിന്റെ ഉപയോഗം പൂർണമായും ഇല്ലാതാക്കും. മണ്ഡലത്തിലെ പ്രധാന ജനവിഭാഗങ്ങളായ കർഷകർ, തോട്ടം തൊഴിലാളികൾ, ആദിവാസികൾ എന്നിവരുടെ വരുമാനം വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം. കാർഷിക മേഖലയിലെ തകർച്ച മറികടക്കാൻ ഉദ്പ്പാദനം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ നടപ്പാക്കും. ഇതിനായി ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കി പരമാവധി ജലസേചനം ഉറപ്പാക്കും. സുഗന്ധഗിരിയെ രാജ്യത്തെ മാതൃക ഊരാക്കി മാറ്റും. ഇതിനുള്ള നടപടികൾക്കു തുടക്കമായി. സുഗന്ധഗിരിയിലെ ആദിവാസികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി രേഖ തയ്യാറാക്കി സമർപ്പിക്കും. ആദിവാസി വിഭാഗത്തിലെ 30,000 പേരെ സാക്ഷരരാക്കുന്ന പദ്ധതി നടപ്പാക്കും. കിടപ്പു രോഗികൾക്കു സ്വാന്തന പദ്ധതി നടപ്പാക്കും. പദ്ധതി നടത്തിപ്പിനും നാനോ, മൈക്രോക്ലസ്റ്ററുകളാണ് രൂപീകരിക്കാനുദ്ദേശിക്കുന്നത്. പദ്ധതിയുടെ മേൽനോട്ടത്തിനു പഞ്ചായത്ത്തല കമ്മിറ്റികളുമുണ്ടാകും.



ധർമ്മടം മണ്ഡലത്തിലെ തരിശുരഹിത വികസനവുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ശില്പശാല

## ധർമ്മടം മണ്ഡലത്തിലെ തരിശുരഹിത വികസനം

**ധ**ർമ്മടം മണ്ഡലത്തിലെ തരിശുരഹിത വികസനവുമായി ബന്ധപ്പെട്ട് രണ്ടുദിവസത്തെ ശില്പശാല കിലയിൽ സംഘടിപ്പിച്ചു. വയോജനക്ഷേമം, വനിതാവികസനം, കാർഷിക കർമ്മസേന തുടങ്ങിയ വിഷയങ്ങളും ശില്പശാല ചർച്ച ചെയ്തു. പിണറായി, ധർമ്മടം, മുഴപ്പിലങ്ങാട്, പെരളശ്ശേരി, ചെമ്പിലോട്, അഞ്ചരക്കണ്ടി, കടമ്പൂർ, വേങ്ങാട്, ഗ്രാമപഞ്ചായത്തികളിലെ പ്രസിഡന്റുമാർ, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, വെറ്ററിനറി ഡോക്ടർമാർ, അലോപ്പതി ഡോക്ടർമാർ, കൃഷി ഓഫീസർമാർ ഐ.സി.ഡി.സി ഓഫീസർമാർ, റിസോഴ്സ് പേഴ്സൺമാർ എന്നിവരാണ് ശില്പശാലയിൽ പങ്കെടുത്തത്.

തിരുവനന്തപുരത്തെ അസി.കൃഷി ഓഫീസർ കെ.ജി.ബിനുലാൽ, സഖി വുമൺ റിസോഴ്സ് സെന്ററിലെ പ്രോജക്ട് കോർഡിനേറ്റർ ജി. രജിത, എ.കെ.പീതാംബരൻ, കെ.ബി. മദൻമോഹൻ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.


KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 (**for private circulation only**) Printed at KBPS, Kakkanad, Kochi-30